**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4494** **01-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ നിലവിൽ കെ.എസ്.ഇ.ബി.ക്ക് എത്ര തുക പിരിച്ചെടുക്കാനുണ്ടെന്ന് അറിയിക്കാമോ; | (എ) | കെ.എസ്.ഇ.ബി.എൽ-ന് വൈദ്യുതി കുടിശ്ശിക യിനത്തിൽ പലിശ ഒഴികെ 31.03.2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം 2310.70 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം). |
| (ബി) | പ്രസ്തുത തുക പിരിച്ചെടുക്കാൻ എന്തെങ്കിലും ആംനെസ്റ്റി സ്കീം പ്രഖ്യാപിക്കാൻ വൈദ്യുതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 2014 - ന്റെ 136(5) ചട്ട പ്രകാരം ദീർഘകാല കുടിശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ലൈസൻസി രൂപീകരിക്കേണ്ടതാണെന്നും, ആയത് കമ്മീഷന്റെ മുൻകൂർ അനുമതിയോടുകൂടി നടപ്പിലാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം, കെ.എസ്.ഇ.ബി ലിമിറ്റഡ് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടി 20.07.2023 മുതൽ 30.12.2023 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശയിൽ വലിയ തോതിലുള്ള ഇളവുകൾ നൽകി പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതി കമ്മീഷന്റെ അംഗീകാരത്തോട്ട കൂടി സർക്കാർ ഉപഭോക്താക്കൾക്കും അർഹതയുള്ള മറ്റു ഉപഭോക്താക്കൾക്കും 31.03.2024 വരെ നൽകിയിരുന്നു.<br><br>സപ്ലൈ കോഡ് ചട്ടങ്ങൾ അനുസരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കുറഞ്ഞ കാലയളവിലേക്ക് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് പ്രത്യേക സ്കീമുകൾ ഒന്നും തന്നെ നിലവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ